ഗ്രാമോദ്ധാരണം.

*412. MR. THARIATHU KUNJITHOMMAN : താഴെപറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

ഈ മകരം ഫ ൪-ാംന്-വരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഗ്രാമോദ്ധാരണസംഘങ്ങൾക്കു ഗവണ്മെൻറു് ആകെ എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്നു് താലൂക്കു തിരിച്ചുള്ള ഒരു കണക്കു ദയവുചെയ്തു് മേശപ്പുറത്തു വയ്ക്കുമോ?

HON'BLE MR. N. KUNJURAMAN : * സ്റ്റേറുമെൻറു് മേശമേൽവച്ചിട്ടുണ്ടു്.

വില്ലേജു യൂണിയനുകൾ.

*413. MR. THARIATHU KUNJITHOMMAN : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കഴിഞ്ഞ മകരം ഫ ൪-ാംന്-വരെ ഒരു വർഷത്തിനുള്ളിൽ വില്ലേജു യൂണിയനുകൾക്കു ഗവണ്മെൻറു് എത്ര രൂപാ ചെലവുചെയ്തിട്ടുണ്ടെന്നു് താലൂക്കു തിരിച്ചു വിവരിക്കുന്ന ഒരു സ്റ്റേറുമെൻറു ദയവുചെയ്തു മേശപ്പുറത്തു വയ്ക്കുമോ?

HON'BLE MR. N. KUNJURAMAN : † ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

MR. THARIATHU KUNJITHOMMAN : ആകെ തുക ഒന്നുപറയാമോ?

HON'BLE MR. N. KUNJURAMAN : ഫൻ൪ ൦ ൫ രൂപാ.

മദ്യനിരോധനം.

*414. MR. P. K. KUMARAN ASARI (*Meenachil I—Kammala Reserved*): താഴെപറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രൊഹിബിഷൻ വകുപ്പുമന്ത്രി സദയം മറുപടിപറയുമോ?

സ്റ്റേറു മുഴുക്കു് മദ്യനിരോധനം നടപ്പാക്കുന്നതിന് ആകെ എത്ര വർഷം വേണ്ടിവരുമെന്നും അടുത്ത ഓരോ വർഷവും ഏതെല്ലാം താലൂക്കുകളിൽ നിരോധനം നടപ്പിൽവരുത്തുന്നതിന ഗവണ്മെൻറു് തീരുമാനിച്ചിട്ടുണ്ടെന്നും ദയവായി പറയുമോ?

* *See* Appendix No. 2.
† *See* Appendix No. 3.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN : സംസ്ഥാനം ഒട്ടുക്ക് മദ്യനിരോധനം കഴിയുന്നതും വേഗത്തിൽ നടപ്പിൽവരുത്തണമെന്നാണ് ഗവണ്മെൻറു ഉദ്ദേശിക്കുന്നത്. ഫ ഫ ഫ ൫-ാം മാണ്ട് ചിങ്ങമാസം ഫ-ാംതീയതി മുതൽ തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ് എന്നീ താലൂക്കുകളിൽക്കൂടി മദ്യനിരോധനം നടപ്പിൽവരുത്താൻ ഗവണ്മെൻറ് നിശ്ചയിച്ചുകഴിഞ്ഞു.

ഗ്രാമോദ്ധാരണം.

*415. MR. P. K. KUMARAN ASARI: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കോട്ടയം താലൂക്കിൽ എത്ര ഗ്രാമോദ്ധാരണകേന്ദ്രങ്ങളും വില്ലേജ്യൂണിയനുകളും സ്ഥാപിച്ചിട്ടുണ്ട്?

(ബി) വില്ലേജ്യൂണിയൻ സ്ഥാപിച്ചുകൊടുക്കുന്നതിലേക്കു കോട്ടയം താലൂക്കിൽനിന്നും വന്ന എത്ര അപേക്ഷകൾ തീരുമാനിക്കാതെ കിടപ്പുണ്ട്?

(സി) അപ്രകാരം അയച്ചിട്ടുള്ള അപേക്ഷകൾ ഏതെല്ലാം പ്രകൃതികളിൽനിന്നാണെന്നും അതിനു ഇതുവരെ അനുവാദം കൊടുക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും ദയവായി പറയുമോ?

HON'BLE MR. N. KUNJURAMAN : (എ) ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ ൨, വില്ലേജ് യൂണിയനുകൾ (ഒരു പഞ്ചായത്തു ഉൾപ്പെടെ) ന്യ.

(ബി) എട്ട്.

(സി) ഈ അപേക്ഷകൾ കിട്ടിയിട്ടുള്ളതു് നാട്ടകം, കുമ്മനം, പാമ്പാടി, വിജയപുരം (ഏ-യും ബി-യും) കയ്പുഴ, കുടമാളൂർ എന്നീ പ്രകൃതികളിൽനിന്നുമാണ്. സ്ഥലംതഹശിൽദാർമുഖേന വേണ്ട അന്വേഷണം നടത്തിവരുന്നു.

MR. P. K. KUMARAN ASARI : ഇക്കൊല്ലം എത്ര വില്ലേജ്യൂണിയനുകൾ അനുവദിച്ചുകൊടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്?

HON'BLE MR. N. KUNJURAMAN : അതു ഇതുവരെ നിശ്ചയിച്ചിട്ടില്ല.

MRS. DEVAKI GOPI DAS (*Kottayam I—General*): കുമ്മനത്തുനിന്നു നിവേദനം കിട്ടിയിട്ടു എത്ര നാളായി എന്നു പറയാമോ?

HON'BLE MR. N. KUNJURAMAN : അതു കൃത്യമായി പറയാനുള്ള വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

MRS. DEVAKI GOPI DAS : അവിടെ കഴിയുന്നതും വേഗം ഒരു

LIBRARY ARCHIVES Kerala Legislative Assembly